# നവകേരളം വാർത്ത

2023 ഏപ്രിൽ 01-15 ന്യൂസ് ലെറ്റർ


## ജനകീയ ജലബജറ്റ് പ്രകാശനവും ഇനി ഞാനൊഴുകട്ടെ മൂന്നാംഘട്ടം ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും

രാജ്യത്താദ്യമായി തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ജനകീയ ജലബജറ്റ് തയ്യാറാക്കുന്നു. ആദ്യഘട്ടത്തിൽ 94 ഗ്രാമപഞ്ചായത്തുകളിൽ തയ്യാറാക്കിയ ജലബജറ്റിന്റെ പ്രകാശനം മുഖ്യമന്ത്രി ശ്രീ. പിണറായി നിർവഹിക്കും. തിരഞ്ഞെടുത്ത 15 ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്തുകളിൽ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജനകീയ പങ്കാളി





ത്തത്തോടെയാണ് ജലബജറ്റ് തയ്യാറാക്കിയത്. തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ, കൊല്ലം ജില്ലയിലെ മുഖത്തല, പത്തനംതിട്ടയിലെ മല്ലപ്പള്ളി, ആലപ്പുഴയിലെ മാവേലിക്കര, കോട്ടയത്തെ ഈരാറ്റുപേട്ട, ഇടുക്കി ജില്ലയിലെ ഇടുക്കി, എറണാകുളത്തെ മുളന്തുരുത്തി, തൃശൂരിലെ ചൊവ്വന്നൂർ, പാലക്കാട്ടെ ചിറ്റൂർ, മലപ്പുറത്തെ കൊണ്ടോട്ടി, കോഴിക്കോട്ടെ കുന്ദമംഗലം, വയനാട്ടിലെ മാനന്തവാടി, കണ്ണൂർ ജില്ലയിലെ പേരാവൂർ, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് എന്നീ ബ്ലോക്ക് പഞ്ചായത്തു പരിധിയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുമാണ് ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ 2023 ഏപ്രിൽ 12 ന് തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ നടക്കുന്ന



ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷ് ജലബജറ്റ് ഏറ്റുവാങ്ങി മുഖ്യ പ്രഭാഷണം നടത്തും. നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മറ്റ് വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തു സംഘടിപ്പിച്ചിട്ടുള്ള 'ഇനി ഞാനൊഴുകട്ടെ' മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാൽ വീണ്ടെടുപ്പുകൂടി ഉൾപ്പെടുത്തിയാണ് മൂന്നാംഘട്ടം ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനു മുന്നോടിയായി നടത്തിയ ജനകീയ മാപത്തോൺ മാപിംഗ് സംബന്ധിച്ച പുസ്തക പ്രകാശനവും ചടങ്ങിൽ നടക്കും. ജനകീയ ജലബജറ്റിന്റെ ബ്ലോക്കുതല അവതരണവും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്.



നവകേരളം ലക്ഷ്യമിട്ടുള്ള നിരവധി പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കേരളത്തിൽ പുരോഗമിക്കുകയാണ്. ഇതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചുകൊണ്ട് നവകേരളം കർമപദ്ധതി 2 ഉം സജീവമാണ്. അടിയന്തിര പ്രാധാന്യത്തോടെ നടത്തിവരുന്ന ശുചിത്വവും മാലിന്യ സംസ്കരണവും അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതി പുനസ്ഥാപനം, ജലസംരക്ഷണം, ജനസൗഹൃദ മാർഗങ്ങളിലൂടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന ആർദ്രം മിഷൻ, പൊതു വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മ ഉറപ്പാക്കി വിദ്യാകിരണം, എല്ലാവർക്കും പാർപ്പിടവും ഉപജീവനവും ഉറപ്പാക്കാൻ ലക്ഷ്യമിട്ട് ലൈഫ് മിഷൻ തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കർമപഥത്തിലാണ്. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായ നൂറുദിന പരിപാടിയിൽ നവകേരളം കർമപദ്ധതിയിലെ മിഷനുകളിൽ നടപ്പാക്കിയ പദ്ധതികളും ഉദ്ഘാടനം ചെയ്യുകയാണ്. നവകേരളം കർമപദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധവും ഊർജ്ജവും നൽകുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നത് പദ്ധതി അധ്യക്ഷൻ കൂടിയായ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വമാണ്. പദ്ധതി പ്രവർത്തനങ്ങളെയും നേട്ടങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ എല്ലാവരിലും എത്തിക്കാൻ സമൂഹ മാധ്യമങ്ങളെയാണ് പ്രധാനമായി ആശ്രയിക്കുന്നത്. എങ്കിലും പ്രധാനപ്പെട്ടവ അച്ചടി രൂപത്തിൽ കൂടി നൽകുവാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് നവകേരളം ന്യൂസ് ലെറ്റർ അവതരിപ്പിക്കുന്നത്.

ഡോ. ടി.എൻ. സീമ  
കോർഡിനേറ്റർ  
നവകേരളം കർമപദ്ധതി

# കേരളത്തിൽ പൊതുവിദ്യാലയങ്ങൾക്ക് സ്വീകാര്യതയേറുന്നു : മന്ത്രി കെ എൻ ബാലഗോപാൽ

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയതോടെ സ്വീകാര്യതയേറിയതായി



മന്ത്രി കെ എൻ ബാലഗോപാൽ. കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച കുണ്ടറ കെ.ജി.വി. ഗവൺമെന്റ് യു.പി. സ്കൂളിലെ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് എത്ര വലിയ സാമ്പത്തിക പ്രതിസന്ധികൾ വന്നാലും വിദ്യാഭ്യാസ മേഖലയെ അത് ബാധിക്കാതിരിക്കാൻ സർക്കാർ ശ്രദ്ധിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. പി.സി. വിഷ്ണുനാഥ് എം.എൽ.എ. അധ്യക്ഷനായി. മുൻ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ സ്കൂൾ കെട്ടിടത്തിന്റെ താക്കോൽ ദാനം നടത്തി.

# മാണിക്കലിൽ താമരപ്പാടമൊരുങ്ങുന്നു

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തിൽ പുഴയൊഴുകും മാണിക്കൽ പദ്ധതിയുടെ ഭാഗമായി താമരകൃഷി ആരംഭിച്ചു. താമരഭാഗം ഏലായിലെ 50 സെന്റിൽ ആരംഭിച്ച കൃഷി മന്ത്രി ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ അധ്യക്ഷനായി.

വികേന്ദ്രീകൃത ആസൂത്രണ ബോർഡ് സംസ്ഥാന ചീഫ് എക്സി. ഓഫീസർ ജോസഫൈൻ, ജില്ലാ പഞ്ചായത്തംഗം കെ. ഷീലാകുമാരി, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ അശോക് കുമാർ തുടങ്ങിയവർ പങ്കെടുത്തു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പദ്ധതിയുടെ ഭാഗമായി വിവിധതരം പൂക്കളുടെ കൃഷി, നെൽകൃഷി എന്നിവയും നടന്നുവരുന്നു.



# വിദ്യാകിരണം പദ്ധതി : സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ

കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ സ്കൂൾ കെട്ടിടങ്ങൾ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ജില്ലയിൽ 50 ലക്ഷം രൂപ പ്ലാൻ ഫണ്ട് വിനിയോഗിച്ച് പണി പൂർത്തിയാക്കിയ കായംകുളം ഗവ. എൽ.പി.എസ്. കീരിക്കാട് ഫെബ്രുവരി 10 ന് മന്ത്രി സജി ചെറിയാനും ചെങ്ങന്നൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ അങ്ങാടിക്കൽ തെക്ക് (പ്ലാൻ ഫണ്ട് 110 ലക്ഷം രൂപ) മാർച്ച് 10 ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയും ഉദ്ഘാടനം ചെയ്തു.






മലപ്പുറം ജില്ലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പണി പൂർത്തിയാക്കിയ ജി.എച്ച്.എസ്.എസ്. കാരക്കുന്ന് (3 കോടി), ജി.യു.പി.എസ്. പുല്ലൂർ (1 കോടി), ജി.യു.പി.എസ്. വീമ്പൂർ (1 കോടി) എന്നീ മൂന്നു സ്കൂളുകളുടെ ഉദ്ഘാടനം കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ മാർച്ച് 19 ന് നിർവഹിച്ചു. തിരുവനന്തപുരം ജില്ലയിൽ ഒരു കോടി രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പണിപൂർത്തിയാക്കിയ മച്ചേൽ LPS, മലയിൻകീഴ്, മാർച്ച് 23 ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.